# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **17-06-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2204**

## എമർജിംഗ് കേരള വ്യവസായ സംരംഭകത്വ പരിപാടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |

(എ) എമർജിംഗ് കേരള വ്യവസായ സംരംഭകത്വ സംഗമം പരിപാടിയ്ക്കുശേഷം സംസ്ഥാനത്ത് പുതിയതായി വ്യവസായ മേഖലയിൽ എത്ര കോടി രൂപ മുതൽ മുടക്കുണ്ടായി;

(എ) 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതി നിർദ്ദേശങ്ങളിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 19പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം ആരംഭിച്ചു. 12000 കോടി രൂപയുടെ ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതി 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം ചെയ്യുകയുണ്ടായി. 6000 കോടി രൂപ മുതൽമുടക്കു വരുന്ന പദ്ധതിയായ പെട്രോകെമിക്കൽ പാർക്ക് കൊച്ചിയിൽ സ്ഥാപിയ്ക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോനൂട്ര പാർക്കി (വിവിധ ഘട്ടം) ന്റെ ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു.

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിന്റെ ഉത്ഘാടനം 2014 ജനുവരി 24 ന് നിർവ്വഹിച്ചു.

കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോ മോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

കളമശ്ശേരി ഗവ: പോളിടെക്നിക്കിൽ Bosch ന്റെ Centre of Excellence in Automation Technology Course ന്റെ ഉദ്ഘാടനം 11/02/2014 ൽ നിർവ്വഹിച്ചു.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

M/s. Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. ഈ പദ്ധതിക്ക് കെ.എസ്.ഐ.ഡി.സി. 18 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| **(ബി)** | പ്രസ്തുത പദ്ധതികൾ വഴി പുതിയ തായി എത്ര പേർക്ക് തൊഴിൽ ലഭിച്ചു വെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ? | **(ബി)** | എത്ര പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ